പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4039 21.10.2016-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് അനുമതി**

| ചോദ്യം<br>ശ്രീ. എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് നിയമാനുസൃതം അനുമതി നൽകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ബസ്സുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നത് 1989-ലെ കേരള മോട്ടോർ വെഹിക്കിൾ റൂൾ 191-ലെ വ്യവസ്ഥകൾ പ്രകാരമാണ്. |
| (സി) | പരസ്യം പ്രദർശിപ്പിക്കുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും കഴിഞ്ഞ അഞ്ച് വർഷത്തിൽ പ്രസ്തുത ഇനത്തിൽ ലഭിച്ച തുക എത്ര എന്നും വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നത് ലേലം / ടെണ്ടർ നടപടികളിലൂടെ കണ്ടെത്തുന്ന ലൈസൻസിയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി കോൺട്രാക്റ്റ് നൽകിക്കൊണ്ടാണ്. എല്ലാ ബസ്സുകളിലും പരസ്യം നൽകുന്നതിന് മൊത്തത്തിലാണ് ടെണ്ടർ ക്ഷണിക്കുന്നത്. ഓരോ ബസ്സുകളുടേയും വ്യക്തിഗത പരസ്യത്തിനുള്ള നിരക്ക് നിശ്ചയിക്കുന്നത് ടി ലൈസൻസിയാണ്.<br>കഴിഞ്ഞ 5 വർഷത്തേക്ക് ലൈസൻസ് ഫീ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>01.04.2011-01.03.2013 - **₹3,03,03,000/-** (മൂന്ന് കോടി മൂന്നുലക്ഷത്തി മൂവായിരം രൂപ)<br>22.08.2013-21.08.2015 - **₹7,12,99,999/-** (ഏഴ് കോടി പന്ത്രണ്ടു ലക്ഷത്തി തൊണ്ണൂറ്റി |

| | | |
|---|---|---|
| | | ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ)<br>22.08.2015 - 21.08.2016 - **₹3,92,15,000/-** (മൂന്ന് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി പതിനയ്യായിരം രൂപ). |

സെക്ഷൻ ഓഫീസർ